MAGMA
General Insurance Limited

# ഉപഭോക്തൃ വിവര പത്രം / നിങ്ങളുടെ പോളിസി - വൺഹെൽത്ത്-നെ കുറിച്ച് അറിയുക

**ഈ ഡോക്യുമെന്റ് നിങ്ങളുടെ പോളിസിയെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ നൽകുന്നു. നിങ്ങളുടെ പോളിസി ഡോക്യുമെന്റും പോളിസി ഷെഡ്യൂളും പരിശോധിക്കാൻ നിങ്ങളോട് നിർദ്ദേശിക്കുന്നു.**

| ക്രമനം | ശീർഷകം | വിവരണം<br>(അടുത്ത കോളത്തിലെ പോളിസി ക്ലോസ് നമ്പർ പരിശോധിക്കുക) | പോളിസി ക്ലോസ് നമ്പർ |
|---|---|---|---|
| 1 | **ഇൻഷുറൻസ് ഉൽപ്പന്നത്തിന്റെ/ പോളിസിയുടെ പേര്** | **വൺഹെൽത്ത് 10.0** | |
| 2 | **പോളിസി നമ്പർ** | **XXXX** | |
| 3 | **ഇൻഷുറൻസ് ഉൽപ്പന്നത്തിന്റെ/ പോളിസിയുടെ തരം** | **നഷ്ടപരിഹാരവും ആനുകൂല്യവും**<br>☐ നഷ്ടപരിഹാരം (ഇൻഷ്വർ ചെയ്ത നഷ്ടങ്ങൾ പോളിസിക്ക് കീഴിലുള്ള സം ഇൻഷ്വർഡ് വരെ പരിരക്ഷിക്കപ്പെടുന്നു.)<br>☐ ആനുകൂല്യം: ഒരു ഇൻഷുറൻസ് പോളിസിയിൽ കവർ ചെയ്തിരിക്കുന്ന ഒരു സംഭവം ഉണ്ടാകുമ്പോൾ, ആ പോളിസി പ്രകാരം നിശ്ചിത തുക നൽകുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.<br>☒ നഷ്ടപരിഹാരവും ആനുകൂല്യവും: പോളിസിയിൽ മുകളിൽ പറഞ്ഞ രണ്ട് കാര്യങ്ങളുടെയും ഘടകങ്ങൾ ഉൾപ്പെടുമ്പോൾ. | |
| 4 | **സം ഇൻഷൂർഡ് (അടിസ്ഥാനം)**<br>(തുക സഹിതം) | ☒ വ്യക്തിഗത സം ഇൻഷ്വർഡ് – (പോളിസിക്ക് കീഴിൽ ഓരോ അംഗത്തിനും പ്രത്യേകം സം ഇൻഷ്വർഡ് ഉണ്ടെങ്കിൽ)<br>അഥവാ<br>☒ ഫ്ളോട്ടർ സം ഇൻഷ്വർഡ് - പോളിസിക്ക് കീഴിലുള്ള എല്ലാ അംഗങ്ങൾക്കും ഒരൊറ്റ സം ഇൻഷ്വർഡ് പരിധി ഉണ്ടെങ്കിൽ അത് ഏതെങ്കിലും ഒരു അംഗത്തിനോ അല്ലെങ്കിൽ എല്ലാ അംഗങ്ങൾക്കുമോ ഉപയോഗിക്കാം | |
| 5 | **പോളിസി കവറേജ്**<br>(എന്താണ് പോളിസി കവർ ചെയ്യുന്നത്?)<br>(പോളിസി ക്ലോസ് നമ്പർ/കൾ) | **ഇതുമായി ബന്ധപ്പെട്ട ചെലവുകൾ:** | |
| | | **ഇൻ-പേഷ്യന്റ് കെയർ:** കുറഞ്ഞത് 24 മണിക്കൂർ തുടർച്ചയായി 'ഇൻ-പേഷ്യന്റ് കെയർ'-ൽ ആശുപത്രി വാസം. | **2.1 ഇൻ-പേഷ്യന്റ് കെയർ** |
| | | **പ്രീ-ഹോസ്പിറ്റലൈസേഷൻ ചെലവുകൾ:** (ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പുള്ള ചികിത്സ) XX ദിവസത്തെ | **2.2 പ്രീ-ഹോസ്പിറ്റലൈസേഷൻ ചെലവുകൾ** |
| | | **ആശുപത്രിവാസത്തിനു ശേഷമുള്ള ചെലവുകൾ:** (ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തതിന് ശേഷമുള്ള ചികിത്സ) ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത തീയതി മുതൽ XX ദിവസം വരെ. | **2.3 ആശുപത്രിവാസത്തിനു ശേഷമുള്ള ചെലവുകൾ** |
| | | **ഡേ കെയർ ട്രീറ്റ്മെന്റ്:** ലിസ്റ്റുചെയ്ത നടപടിക്രമങ്ങൾക്ക് 24 മണിക്കൂറിൽ താഴെ ആശുപത്രിവാസം (ഡേ കെയർ) ആവശ്യമാണ്. | **2.4 ഡേ കെയർ ട്രീറ്റ്മെന്റ്** |
| | | **റോഡ് ആംബുലൻസ് കവർ:** ഒരു അടിയന്തര ഘട്ടത്തെ തുടർന്ന് ഇൻഷ്വർ ചെയ്ത വ്യക്തിയെ റോഡ് ഗതാഗതം വഴി അടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റുന്നതിനുള്ള ആംബുലൻസ് ചെലവുകൾക്കായി രൂ. XX വരെ ന്യായമായ നിരക്കുകൾ. ഈ നിർദ്ദിഷ്ട പരിധി ഓരോ തവണ ആശുപത്രിവാസത്തിനുമുള്ള പരിധിയാണ്. | **2.5 റോഡ് ആംബുലൻസ് കവർ** |
| | | **അവയവ ദാതാവിന്റെ ചെലവുകൾ:** ഇൻഷ്വർ ചെയ്തയാളുടെ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഒരു അവയവ ദാതാവിനെ | **2.6 അവയവ ദാതാവിന്റെ ചെലവുകൾ** |

| | | | |
|---|---|---|---|
| | | ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിക്കുന്നതിനുള്ള ചെലവുകൾ. | |
| | | **ഡൊമിസിലിയറി ഹോസ്പിറ്റലൈസേഷൻ:** കുറഞ്ഞത് 3 ദിവസമെങ്കിലും തടസ്സമില്ലാതെ ചികിത്സ തുടരുകയാണെങ്കിൽ, വീട്ടിൽ സ്വീകരിക്കുന്ന ചികിത്സയ്ക്കുള്ള മെഡിക്കൽ ചെലവുകൾ. | **2.7 ഡൊമിസിലിയറി ഹോസ്പിറ്റലൈസേഷൻ** |
| | | **ഇൻ-പേഷ്യന്റ് ആയുഷ് ചികിത്സ:** ഇൻ-പേഷ്യന്റ് ആയുഷ് ചികിത്സയ്ക്ക് എസ്ഐയുടെ വരെ മെഡിക്കൽ ചെലവുകൾ. | **2.8 ഇൻ-പേഷ്യന്റ് ആയുഷ് ചികിത്സ** |
| | | **ഐവിഎഫ് ചികിത്സാ കവർ:** 40 വയസ്സിന് മുമ്പ് ഈ ചികിത്സ നടത്തിയാൽ ഐവിഎഫ് ചികിത്സയ്ക്കായി മെഡിക്കൽ ചെലവുകൾ രൂ. 1,00,000 വരെ കവർ ചെയ്യും. | **2.9 ഐവിഎഫ് ചികിത്സാ കവർ** |
| | | **ബാരിയാട്രിക് സർജറി കവർ:** മെഡിക്കൽ ആവശ്യമായ ബരിയാട്രിക് സർജറിക്ക് മെഡിക്കൽ ചെലവ് രൂ. 1,00,000 വരെ കവർ ചെയ്യും. | **2.10 ബാരിയാട്രിക് സർജറി കവർ** |
| | | **സൈക്യാട്രിക് ചികിത്സാ കവർ:** മെഡിക്കൽ ഇൻ-പേഷ്യന്റ് ചികിത്സാ ചെലവ് എസ്ഐ വരെ, നിർദ്ദിഷ്ട സൈക്യാട്രിക് കണ്ടീഷനുകൾക്ക് രൂ. 50,000 വരെ സബ്‌ലിമിറ്റ് | **2.11 സൈക്യാട്രിക് ചികിത്സാ കവർ** |
| | | **എച്ച്ഐവി/എയിഡ്സ് കവർ:** ഇൻ-പേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ, ഡേ കെയർ ചികിത്സ, എച്ച്ഐവി/എയിഡ്സുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് മുമ്പും ശേഷവുമുള്ള ആശുപത്രി ചെലവുകൾ. | **2.12 എച്ച്ഐവി/ എയിഡ്സ് കവർ** |
| | | **ആധുനിക ചികിത്സാ നടപടിക്രമങ്ങൾ:** ലിസ്റ്റുചെയ്ത ആധുനിക ചികിത്സാ നടപടിക്രമങ്ങൾക്കുള്ള രൂ. XXXX വരെ കവറേജ് | **2.13 ആധുനിക ചികിത്സാ നടപടിക്രമങ്ങൾ** |
| | | **ക്യുമുലേറ്റീവ് ബോണസ്:** ഓരോ വർഷവും XX% നിരക്കിൽ ക്യുമുലേറ്റീവ് ബോണസ് വർദ്ധിച്ചുകൊണ്ടിരിക്കും. ഇത് പരമാവധി 100% വരെയായിരിക്കും. | **2.14 ക്യുമുലേറ്റീവ് ബോണസ്** |
| | | **സം ഇൻഷൂർഡിന്റെ റീചാർജ്:** ഒരു പോളിസി വർഷത്തിലെ മുൻകാല ക്ലെയിമുകൾ കാരണം അടിസ്ഥാന സം ഇൻഷൂർഡും ക്യുമുലേറ്റീവ് ബോണസും തികയാതെ വരുന്ന സാഹചര്യത്തിൽ, ആ പോളിസി വർഷത്തിലെ 2-ാ മത്തെ ക്ലെയിം മുതൽ എത്ര തവണ വേണമെങ്കിലും അടിസ്ഥാന സം ഇൻഷൂർഡിന്റെ 100% റീചാർജ് ലഭ്യമാകും. | **2.15 സം ഇൻഷൂർഡിന്റെ റീചാർജ്** |
| | | **സഹചാരി ആനുകൂല്യം:** ഇൻഷുറൻസ് പരിരക്ഷയുള്ള 12 വയസ്സിന് താഴെയുള്ള ഒരു വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന സാഹചര്യത്തിൽ, ഡെയ്ലി കാഷ് തുകയായി രൂ. XX വീതം നൽകും. | **2.16 സഹചാരി ആനുകൂല്യം** |
| | | **ഫിറ്റ്നസ് റിവാർഡുകളും വെൽനസ് സേവനങ്ങളും:** നിലവിലുള്ള പോളിസി പ്രീമിയത്തിന്റെ പരമാവധി 10% വരെ പോയിന്റുകൾ നേടാനാകും, അത് പോളിസി പുതുക്കുന്ന സമയത്ത് പ്രീമിയത്തിൽ കിഴിവായി റിഡീം ചെയ്യാവുന്നതാണ്. പോളിസി ഡോക്യുമെന്റിൽ വ്യക്തമാക്കിയിട്ടുള്ള മെഡിക്കൽ ചെക്കപ്പിലൂടെയോ വിവിധ ഫിറ്റ്നസ് പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിലൂടെയോ പോയിന്റുകൾ നേടാനാകും. ഡോക്ടർ ഓൺ കോൾ, സ്പെഷ്യലിസ്റ്റിന്റെ ഇ-ഒപ്പീനിയൻ, ന്യൂട്രീഷണൽ<br><br>ഇ-കൗൺസിലിംഗ്, ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഓഫറുകളുടെ വിവരങ്ങൾ തുടങ്ങിയ വെൽനസ് സേവനങ്ങളും ലഭിക്കും. | **2.17 ഫിറ്റ്നസ് റിവാർഡുകളും വെൽനസ് സേവനങ്ങളും** |

| | | ഓപ്ഷണൽ കവറുകൾ | |
|---|---|---|---|
| | | **ക്രിട്ടിക്കൽ ഇൽനെസ് കവർ:** എസ്ഐക്ക് തുല്യമായ തുക അല്ലെങ്കിൽ രൂ. 10,00,000 ഏതാണോ കുറവ്, അത് പോളിസി ഡോക്യുമെന്റിൽ വ്യക്തമാക്കിയിട്ടുള്ള ലിസ്റ്റുചെയ്തിട്ടുള്ള 11 ഗുരുതരമായ അസുഖങ്ങളിൽ ഏതെങ്കിലും രോഗനിർണയം ചെയ്താൽ നൽകും | **ഓപ്ഷണൽ കവർ 1** |
| | | **വ്യക്തിഗത അപകടത്തിന്റെ കവർ:** മരണം അല്ലെങ്കിൽ അപകടത്തിന്റെ പരിക്ക് മൂലമുള്ള ശാശ്വത വൈകല്യം എന്നിവയിൽ രൂ. XX ഒറ്റതവണ തുകയായി നൽകും | **ഓപ്ഷണൽ കവർ 2** |
| | | **മൊത്തം കിഴിവ്:** ആ പോളിസി വർഷത്തിൽ നടത്തിയ ഏതെങ്കിലും ക്ലെയിം സംബന്ധിച്ച് പോളിസിക്ക് കീഴിലുള്ള പേയ്മെന്റ് നടത്താനുള്ള ഞങ്ങളുടെ ബാധ്യത പോളിസി വർഷത്തിൽ രൂ. XX കൊടുത്തു തീരുന്ന മുറയ്ക്കേ ആരംഭിക്കുകയുള്ളൂ | **ഓപ്ഷണൽ കവർ 3** |
| | | **വോളണ്ടറി കോ-പേയ്മെന്റ്:** ഓരോ ക്ലെയിമിനും അനുവദനീയമായ ക്ലെയിം തുകയുടെ XX ശതമാനം നിങ്ങൾ വഹിക്കേണ്ടതാണ്. | **ഓപ്ഷണൽ കവർ 4** |
| | | **ഹോസ്പിറ്റൽ ക്യാഷ്:** ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട 24 മണിക്കൂർ തുടർച്ചയായി പൂർത്തിയാക്കിയ ഓരോ കാലയളവിനും പ്രതിദിനം രൂ. XXXX ലംപ്സം ബെനിഫിറ്റ് | **ഓപ്ഷണൽ കവർ 5** |
| | | **മെറ്റേണിറ്റി ബെനിഫിറ്റുകൾ:**<br>**ഓപ്ഷൻ A**<br>**മെറ്റേണിറ്റി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുട്ടിയുടെ പ്രസവത്തിന് രൂ. XXXX വരെ ചികിത്സാ ചെലവുകൾ.<br>**ന്യൂബോൺ ബേബി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുട്ടിയുടെ ചികിത്സാ ചെലവ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് രൂ. 50,000 വരെ<br>**നവജാത ശിശുവിനുള്ള വാക്സിനേഷൻ:** വാക്സിനേഷൻ ചെലവ് രൂ. 25,000 വരെ ന്യൂബോൺ ബേബി കവറിനായി നിർവചിച്ചിരിക്കുന്ന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>**പ്രസവത്തിന് മുൻപും ശേഷവുമുള്ള ഇൻപേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ**: പ്രസവത്തിന് മുൻപും ശേഷവുമുള്ള ആശുപത്രി വാസത്തിന് രൂ. 15,000 വരെയുള്ള ചികിത്സാ ചിലവുകൾ ലഭിക്കും.<br>പ്രസവ ആനുകൂല്യങ്ങൾക്കായുള്ള വെയ്റ്റിംഗ് പിരീഡ് 24 മാസമാണ്.<br><br>**ഓപ്ഷൻ B**<br>**മെറ്റേണിറ്റി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുട്ടിയുടെ പ്രസവത്തിന് രൂ. XXXX വരെ ചികിത്സാ ചെലവുകൾ.<br>**ന്യൂബോൺ ബേബി കവർ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ കുട്ടിയുടെ ചികിത്സാ ചെലവ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് രൂ. 50,000 വരെ<br>**നവജാത ശിശുവിനുള്ള വാക്സിനേഷൻ:** വാക്സിനേഷൻ ചെലവ് രൂ. 25,000 വരെ ന്യൂബോൺ ബേബി കവറിനായി നിർവചിച്ചിരിക്കുന്ന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>**പ്രസവത്തിന് മുൻപും ശേഷവുമുള്ള ഇൻപേഷ്യന്റ് ഹോസ്പിറ്റലൈസേഷൻ**: പ്രസവത്തിന് മുൻപും ശേഷവുമുള്ള ആശുപത്രി വാസത്തിന് രൂ. 15,000 വരെയുള്ള ചികിത്സാ ചിലവുകൾ ലഭിക്കും.<br>പ്രസവ ആനുകൂല്യങ്ങൾക്കായുള്ള വെയ്റ്റിംഗ് പിരീഡ് 12 മാസമാണ്. | **ഓപ്ഷണൽ കവർ 6** |

| | | | |
|---|---|---|---|
| | | **ഹോം ട്രീറ്റ്മെന്റ് അഡ്മിഷണൽ ഡെയ്ലി ക്യാഷ്:** പ്രതിദിനം ഡെയ്ലി ക്യാഷ് എമൗണ്ട് രൂ. 1,000 ഞങ്ങൾ അധികാരപ്പെടുത്തിയ ഒരു സേവന ദാതാവിൽ നിന്നുള്ള ഹോം കെയർ ചികിത്സയ്ക്കായി നൽകും. | **ഓപ്ഷണൽ കവർ 7** |
| | | **നോൺപേയബിൾ എക്സ്പെൻസ് കവർ:** ഈ പോളിസിയുടെ അനെക്സ് II ന്റെ 'ലിസ്റ്റ് I - പോളിസിയിൽ കവറേജ് ലഭ്യമല്ലാത്ത ഇനം' എന്നതിന് കീഴിൽ കൊടുത്തിരിക്കുന്ന ചെലവുകൾ പരിരക്ഷിക്കപ്പെടും. | **ഓപ്ഷണൽ കവർ 8** |
| | | **സ്മാർട്ട് ഫ്ലെക്സി സേവർ:** 4 പോളിസി വർഷങ്ങൾക്ക് ശേഷം തുടർച്ചാ ആനുകൂല്യത്തോടെ നിങ്ങളുടെ വൺഹെൽത്ത് 10.0 പോളിസിയെ മൊത്തം ഡിഡക്ടബിളോടു കൂടിയ ഒരു ബേസ് പോളിസിയാക്കി മാറ്റാൻ ഞങ്ങൾ നിങ്ങൾക്ക് ഒരു ഓപ്ഷൻ നൽകുന്നു. | **ഓപ്ഷണൽ കവർ 9** |
| | | **എയർ ആംബുലൻസ് കവർ**: ഒരു രോഗത്തെയോ പരിക്കിനെയോ തുടർന്നുണ്ടാകുന്ന അടിയന്തിര സാഹചര്യത്തിൽ, മതിയായ സൗകര്യങ്ങളുള്ള ഏറ്റവും അടുത്തുള്ള ആശുപത്രിയിലേക്ക് നിങ്ങളെ ആംബുലൻസായി ഉപയോഗിക്കാൻ അനുമതിയുള്ള ഒരു വിമാനത്തിലോ ഹെലികോപ്റ്ററിലോ കൊണ്ടുപോകുന്നതിനായി വരുന്ന ചിലവുകൾ രൂ. XXXXXX വരെ നൽകുന്നതാണ്. | **ഓപ്ഷണൽ കവർ 10** |
| | | **നിർബന്ധിത കോ പേയ്മെന്റ് നീക്കംചെയ്യൽ:** ഈ ഓപ്ഷണൽ ആനുകൂല്യം ഇൻഷ്വർ ചെയ്ത/ഇൻഷ്വർ ചെയ്ത വ്യക്തിക്ക് നിർബന്ധിത കോ-പേയ്മെന്റിന്റെ ഇളവ് ലഭിക്കാൻ അനുവദിക്കുന്നു, ഇത് പോളിസി ആരംഭിക്കുമ്പോൾ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 61 വയസോ അതിൽ കൂടുതലോ പ്രായമുണ്ടെങ്കിൽ അത് അനുവദനീയമായ ക്ലെയിം തുകയിൽ ബാധകമാകുന്നതാണ്. | **ഓപ്ഷണൽ കവർ 11** |
| | | **ഔട്ട്പേഷ്യന്റ് കവർ**: ഔട്ട്പേഷ്യന്റ് എന്ന നിലയിൽ വൈദ്യശാസ്ത്രപരമായി ആവശ്യമായി വരുന്ന കൺസൾട്ടേഷനുകൾ, രോഗനിർണ്ണയ പരിശോധനകൾ, മരുന്നുകൾ എന്നിവയ്ക്കായി വരുന്ന ചികിത്സാ ചിലവുകൾ രൂ. XXX വരെ നൽകുന്നതാണ്. | **ഓപ്ഷണൽ കവർ 12** |
| | | **സ്വിച്ച് ഓൺ സ്വിച്ച് ഓഫ് പരിരക്ഷ:** നിങ്ങൾ ഈ പരിരക്ഷ തിരഞ്ഞെടുക്കുകയും ഇന്ത്യയ്ക്ക് പുറത്തേക്ക് യാത്ര ചെയ്യുകയും ചെയ്യുന്ന സാഹചര്യത്തിൽ, നിങ്ങളുടെ രേഖാമൂലമുള്ള അഭ്യർത്ഥന പ്രകാരം, ഞങ്ങൾ ഈ പോളിസിയുടെ ഭൂമിശാസ്ത്രപരമായ പരിധി ഒരു പോളിസി വർഷത്തിൽ പരമാവധി തുടർച്ചയായ 90 ദിവസത്തേക്ക് ലോകമെമ്പാടും എന്ന രീതിയിലേക്ക് മാറ്റുന്നതാണ്. ഇത് താഴെ പറയുന്ന ആനുകൂല്യങ്ങളുടെ പരിധിക്ക് വിധേയവും മറ്റ് എല്ലാ നിബന്ധനകളും വ്യവസ്ഥകളും പാലിക്കപ്പെടുന്ന പക്ഷവും മാത്രമായിരിക്കും. ഇന്ത്യയ്ക്ക് പുറത്തുവെച്ച് നിങ്ങൾക്ക് ഉണ്ടാകുന്ന ചികിത്സാ ചിലവുകൾ രൂ. XXX വരെ ഞങ്ങൾ പരിരക്ഷിക്കും. | **ഓപ്ഷണൽ കവർ 13** |
| | | **ഗ്ലോബൽ കവർ:** രോഗനിർണയം ഇന്ത്യയിൽ നടത്തിയാലും ഇൻഷ്വർ ചെയ്തയാൾ ചികിത്സയ്ക്കായി വിദേശത്തേക്ക് പോകുകയാണെങ്കിൽ മെഡിക്കൽ ചെലവുകൾ കവർ ചെയ്യും | **ഓപ്ഷണൽ കവർ 14** |
| | | **തിമിരത്തിനായുള്ള വർദ്ധിപ്പിച്ച സബ് ലിമിറ്റുകൾ**: ഇൻഷുറൻസ് എടുത്ത വ്യക്തിക്ക് തിമിര ശസ്ത്രക്രിയയുടെ പരിധി വർദ്ധിപ്പിക്കാൻ ഈ ഓപ്ഷണൽ ആനുകൂല്യം അനുവാദം നൽകുന്നു. **സബ് ലിമിറ്റുകൾ: XXXXXXX.** | **ഓപ്ഷണൽ കവർ 15** |
| | | **എൻഹാൻസ്ഡ് കവറേജ്:** ഈ ഓപ്ഷണൽ കവറിനൊപ്പം, സം ഇൻഷ്വേർഡ്, ബേസ് സം ഇൻഷ്വേർഡിന്റെ 2 മടങ്ങ് | **ഓപ്ഷണൽ കവർ 16** |

| | | | |
|---|---|---|---|
| | | ആയിരിക്കും, കൂടാതെ പോളിസി കാലാവധിയിലെ ആദ്യത്തെ ക്ലെയിമിന് മാത്രം ഇത് ബാധകമായിരിക്കും | |
| | | **ഡ്യൂറബിൾ എക്യൂപ്മെന്റ് കവർ:** ഈ ഓപ്ഷണൽ കവർ ലഭ്യമാകുമ്പോൾ, ലിസ്റ്റുചെയ്തിരിക്കുന്ന ഏതെങ്കിലും ഡ്യൂറബിൾ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനോ വാടകയ്ക്കെടുക്കുന്നതിനോ ഉള്ള ചെലവുകൾ രൂ. 5 ലക്ഷം അല്ലെങ്കിൽ ബേസ് എസ്ഐ വരെ, ഏതാണോ കുറവ് അത് ഞങ്ങൾ തിരികെ നൽകും. | **ഓപ്ഷണൽ കവർ 17** |
| | | **സറോഗസി കവർ:** 25-35 വയസ്സ് പ്രായമുള്ള വാടക അമ്മയ്ക്ക് ഈ ആനുകൂല്യം ലഭ്യമാണ്, അവർ പോളിസി കാലയളവിന്റെ 36 മാസത്തേക്ക് പ്രതിഫലം പറ്റാതെയുള്ള സറോഗേറ്റായിരിക്കണം.<br>ഉപ പരിധികൾ താഴെ പറയുന്നു :-<br>7.5 ലക്ഷം വരെയുള്ള എസ്ഐ-ക്ക് രൂ. 25,000<br>7.5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള എസ്ഐ-ക്ക് – രൂ. 50,000<br>25 ലക്ഷത്തിന് മുകളിലുള്ള എസ്ഐ-ക്ക് – രൂ.1,00,000 | **ഓപ്ഷണൽ കവർ 18** |
| | | **ഊസൈറ്റ് ദാതാവ് കവർ:** 12 മാസത്തേക്കോ പോളിസി കാലയളവിലേക്കോ അണ്ഡം ദാനം ചെയ്യുന്ന 23-35 വയസ്സ് പ്രായത്തിലുള്ള ഒരു ഊസൈറ്റ് ദാതാവിന് ഈ ആനുകൂല്യം ലഭ്യമാണ്.<br>ഉപ പരിധികൾ താഴെ പറയുന്നു:-<br>7.5 ലക്ഷം വരെയുള്ള എസ്ഐ-ക്ക് രൂ. 25,000<br>7.5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള എസ്ഐ-ക്ക് – രൂ. 50,000<br>25 ലക്ഷത്തിന് മുകളിലുള്ള എസ്ഐ-ക്ക് – രൂ.1,00,000 | **ഓപ്ഷണൽ കവർ 19** |
| | | **ബോണസ് ബൂസ്റ്റർ പ്ലസ്**: ഈ ഓപ്ഷണൽ പരിരക്ഷയിലൂടെ, പോളിസിക്ക് ബാധകമായ ക്യുമുലേറ്റീവ് ബോണസ് പരിധി സം ഇൻഷൂർഡിന്റെ 100% ആയിരിക്കും, ഇത് പരമാവധി 700% വരെ എന്നതിനു വിധേയമാണ്. | **ഓപ്ഷണൽ കവർ 20** |
| | | **ഇൻഫിനിറ്റ് ബോണസ് ബൂസ്റ്റർ:** ഈ ഓപ്ഷണൽ പരിരക്ഷയിലൂടെ, പോളിസിക്ക് ബാധകമായ ക്യുമുലേറ്റീവ് ബോണസ് പരിധി സം ഇൻഷൂർഡിന്റെ 100% ആയിരിക്കും, ഇത് പരമാവധി പരിധിയില്ലാത്ത സം ഇൻഷുറൻസിന് വിധേയമായിരിക്കും. | **ഓപ്ഷണൽ കവർ 21** |
| | | **സം ഇൻഷൂർഡിന്റെ അൺലിമിറ്റഡ് എക്സ്ട്രാ റീചാർജ്**: ഒരു പോളിസി വർഷത്തിലെ മുൻകാല ക്ലെയിമുകൾ കാരണം അടിസ്ഥാന സം ഇൻഷൂർഡും ക്യുമുലേറ്റീവ് ബോണസും തികയാതെ വരുന്ന സാഹചര്യത്തിൽ, അടിസ്ഥാന സം ഇൻഷൂർഡിന്റെ 150% വരെ എത്ര തവണ വേണമെങ്കിലും റീചാർജ് ചെയ്യാം. | **ഓപ്ഷണൽ കവർ 22** |
| | | **ഇൻസ്റ്റാ കവർ:** പോളിസി പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ പോളിസി ആരംഭ തീയതി മുതൽ ലിസ്റ്റുചെയ്ത രോഗങ്ങൾ / അസുഖങ്ങൾ / അവസ്ഥകൾ മൂലം ഇൻഷുർ ചെയ്ത വ്യക്തി / വ്യക്തികളെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് ഉണ്ടാകുന്ന മെഡിക്കൽ ചെലവുകൾ കമ്പനി നഷ്ടപരിഹാരം നൽകും.<br>1. ആസ്ത്മ<br>2. വൈദ്യശാസ്ത്രപരമായി ഹൈപ്പർടെൻഷൻ എന്നറിയപ്പെടുന്ന രക്തസമ്മർദ്ദം<br>3. ഹൈപ്പർലിപിഡീമിയ എന്നറിയപ്പെടുന്ന കൊളസ്ട്രോൾ<br>4. പ്രമേഹം<br>5. അമിതവണ്ണം<br>6. പിടിസിഎ ഉള്ള കൊറോണറി ആർട്ടറി രോഗം<br>7. കൊറോണറി ആർട്ടറി ബൈപാസ് ഗ്രാഫ്റ്റ് | **ഓപ്ഷണൽ കവർ 23** |

| | | | |
|---|---|---|---|
| | | 8. ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി രോഗം (സിഒപിഡി)<br><br>കവർ ചെയ്യാനുള്ള ഓപ്ഷൻ<br>1. എല്ലാ രോഗങ്ങളും (ഇൻസ്റ്റാ8)<br>2. ആദ്യത്തെ നാല് രോഗങ്ങൾ (ഇൻസ്റ്റാ4) | |
| | | **പരിധിയില്ലാത്ത പരിചരണം:** ഇൻഷ്വർ ചെയ്ത വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് ഉണ്ടാകുന്ന മെഡിക്കൽ ചെലവുകൾ, പോളിസി ഉടമയുടെ അഭ്യർത്ഥന പ്രകാരം, ഇൻഷ്വർ ചെയ്ത തുകയ്ക്ക് പരിധികളില്ലാതെ, ഇൻ-പേഷ്യന്റ് ചികിത്സ/ഡേകെയർ നടപടിക്രമങ്ങൾ / ചികിത്സ/ഇൻ-പേഷ്യന്റ് ആയുഷ് ഹോസ്പിറ്റലൈസേഷൻ/ പോളിസിയുടെ മൊത്തം കാലയളവിൽ ഏതെങ്കിലും ഒരു ക്ലെയിമിന് കീഴിൽ ഞങ്ങൾ വഹിക്കുന്നതാണ്. | **ഓപ്ഷണൽ കവർ 24** |
| | | **ഫ്യൂച്ചറിസ്റ്റിക് കവർ:** അംഗം പ്രാരംഭ കാത്തിരിപ്പ് കാലയളവ്, നിർദ്ദിഷ്ട രോഗ കാത്തിരിപ്പ് കാലയളവ്, പ്രസവ കാത്തിരിപ്പ് കാലയളവ് (പ്രസവ ഓപ്ഷൻ/കൾ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ) എന്നിവ വിജയകരമായി പൂർത്തിയാക്കിയാൽ ഞങ്ങൾ ഭാവിയിൽ ചേർക്കുന്ന പങ്കാളിയും കുട്ടികളും തുടർച്ചാ ആനുകൂല്യം നൽകും, പുതുതായി ചേർക്കുന്ന പങ്കാളിയുടെ പ്രായം പ്രവേശന സമയത്ത് 35 വയസ്സ് വരെയാണെങ്കിൽ മാത്രമേ ഇത് നടപ്പാക്കുകയുള്ളൂ. | **ഓപ്ഷണൽ കവർ 25** |
| | | **റൂം റെന്റ് മോഡിഫയർ:** ഇൻഷ്വർ ചെയ്ത വ്യക്തി ഈ ഓപ്ഷണൽ കവർ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ, ഇൻഷ്വർ ചെയ്ത വ്യക്തിക്ക് സിംഗിൾ പ്രൈവറ്റ് എസി റൂമിന് പകരം താഴെയുള്ള റൂം വിഭാഗത്തിലേക്ക് മാറാനുള്ള ഓപ്ഷൻ ഉണ്ടായിരിക്കും:<br>A. റൂം വാടക യോഗ്യത ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമില്ലാതെ ഏതെങ്കിലും റൂം വിഭാഗത്തിലേക്ക് പരിഷ്കരിക്കുന്നതിന് അല്ലെങ്കിൽ<br>B. റൂം വാടക യോഗ്യത ടിൻ ഷെയറിംഗ് റൂമിലേക്ക് പരിഷ്കരിക്കുന്നതിന് | **ഓപ്ഷണൽ കവർ 26** |
| | | **സ്മാർട്ട് നെറ്റ്വർക്ക് ആനുകൂല്യം:** ഈ ഓപ്ഷണൽ കവർ ലഭിക്കുമ്പോൾ, 'സ്മാർട്ട് നെറ്റ്വർക്ക്' എന്ന് ലിസ്റ്റ് ചെയ്തിട്ടുള്ള ഒരു ആശുപത്രിയിൽ മാത്രം സെക്ഷൻ ഇൻ-പേഷ്യന്റ് കെയർ പ്രകാരം ബാധകമായ രീതിയിൽ ക്യാഷ്ലെസ്സ് ചികിത്സ സ്വീകരിക്കാൻ പോളിസി ഉടമയ്ക്ക് അർഹതയുണ്ടായിരിക്കും. അടിയന്തര പരിചരണത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നാൽ, പോളിസി ഉടമയ്ക്ക് ഏത് ആശുപത്രിയിലും ചികിത്സ തേടാം. | **ഓപ്ഷണൽ കവർ 27** |
| | | **ആദ്യത്തെ 30 ദിവസത്തെ വെയ്റ്റിംഗ് പിരീഡ് കുറയ്ക്കൽ**: ആദ്യത്തെ 30 ദിവസത്തെ വെയ്റ്റിംഗ് പിരീഡ് (കോഡ്-Excl03) XXXXX ദിവസങ്ങളായി കുറയ്ക്കാൻ ഈ ഓപ്ഷണൽ ആനുകൂല്യം ഇൻഷുറൻസ് എടുത്ത വ്യക്തിയെ അനുവദിക്കുന്നു. | **ഓപ്ഷണൽ കവർ 28** |
| | | **നിർദ്ദിഷ്ട രോഗങ്ങൾക്കായുള്ള വെയ്റ്റിംഗ് പിരീഡ് കുറയ്ക്കൽ**: നിർദ്ദിഷ്ട രോഗങ്ങൾക്കായുള്ള വെയ്റ്റിംഗ് പിരീഡ് 1 വർഷമായി കുറയ്ക്കാൻ ഈ ഓപ്ഷണൽ ആനുകൂല്യം ഇൻഷുറൻസ് എടുത്ത വ്യക്തിയെ അനുവദിക്കുന്നു. | **ഓപ്ഷണൽ കവർ 29** |
| | | **നിലവിലുള്ള രോഗങ്ങൾക്കായുള്ള വെയ്റ്റിംഗ് പിരീഡ് കുറയ്ക്കൽ (ഇൻസ്റ്റാ കവറിന് കീഴിൽ കൊടുത്തിരിക്കുന്നവ ഒഴികെ)**: നിലവിലുള്ള രോഗങ്ങൾക്കായുള്ള വെയ്റ്റിംഗ് പിരീഡ് XXXXX വർഷം/ വർഷങ്ങൾ/ദിവസങ്ങൾ ആയി കുറയ്ക്കാൻ ഈ ഓപ്ഷണൽ ആനുകൂല്യം ഇൻഷുറൻസ് എടുത്ത വ്യക്തിയെ അനുവദിക്കുന്നു. | **ഓപ്ഷണൽ കവർ 30** |

| | | | |
|---|---|---|---|
| | | **സുഖം പ്രാപിക്കൽ ആനുകൂല്യം:** 15 ദിവസത്തിൽ കൂടുതൽ നീണ്ടുനിൽക്കുന്ന ആശുപത്രി വാസത്തിന് സുഖം പ്രാപിക്കുന്നതിനുള്ള ആനുകൂല്യമായി ഞങ്ങൾ രൂ. 20000/- ഒറ്റത്തവണയായി നൽകും. | **ഓപ്ഷണൽ കവർ 31** |
| | | **വർദ്ധിപ്പിച്ച റോഡ് ആംബുലൻസ് പരിരക്ഷ:** സെക്ഷൻ 2.5 റോഡ് ആംബുലൻസ് പരിരക്ഷയ്ക്ക് കീഴിലുള്ള ആംബുലൻസ് പരിരക്ഷയുടെ പരിധി ഓരോ തവണ ആശുപത്രിയിൽ പ്രവേശിക്കുന്നതിനും രൂ. 10,000 വരെയായി വർദ്ധിപ്പിക്കാൻ ഈ ഓപ്ഷണൽ ആനുകൂല്യം ഇൻഷുറൻസ് എടുത്ത വ്യക്തിയെ അനുവദിക്കുന്നു. | **ഓപ്ഷണൽ കവർ 32** |
| | | **ആധുനിക ചികിത്സാ പരിഷ്ക്കരണം:** സെക്ഷൻ 2.13-ന് കീഴിലുള്ള ആധുനിക ചികിത്സാ നടപടിക്രമങ്ങളുടെ പരിധി സം ഇൻഷുറൻസ് തുക വരെയോ അല്ലെങ്കിൽ 1 ലക്ഷം രൂപ വരെയോ കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ഈ ഓപ്ഷണൽ ആനുകൂല്യം ഇൻഷുറൻസ് എടുത്ത വ്യക്തിയെ അനുവദിക്കുന്നു. | **ഓപ്ഷണൽ കവർ 33** |
| | | **നിങ്ങളുടെ വില ഫ്രീസ് ചെയ്യുക**: ഈ ഓപ്ഷണൽ പരിരക്ഷ നിലവിലുണ്ടെങ്കിൽ, ഇൻഷുറൻസ് പോളിസി വാങ്ങുമ്പോൾ ഇൻഷുറൻസ് എടുത്ത വ്യക്തിയുടെ പ്രായം അതേപടി നിലനിർത്തും. സെക്ഷൻ 2.1 മുതൽ 2.13 വരെയുള്ള ഏതെങ്കിലും സെക്ഷന് കീഴിൽ ഒരു ക്ലെയിം നൽകുന്നത് വരെ ഈ പ്രായം മാറ്റമില്ലാതെ തുടരും. | **ഓപ്ഷണൽ കവർ 34** |
| | | **റോഡ് ട്രാഫിക് അപകടങ്ങൾക്കുള്ള റൂം യോഗ്യതാ പരിരക്ഷ**: ഈ ഓപ്ഷണൽ പരിരക്ഷ നിലവിലുണ്ടെങ്കിൽ, കഠിനമായ റോഡ് ട്രാഫിക് അപകടത്തിന്റെ ഫലമായി ഉണ്ടായ പരിക്ക് കാരണം ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയാണെങ്കിൽ, റൂം യോഗ്യത യാതൊരു നിയന്ത്രണങ്ങളുമില്ലാതെ ഏത് റൂം കാറ്റഗറിയിലേക്കും സ്വയമേവ മാറ്റപ്പെടുന്നതാണ്. | **ഓപ്ഷണൽ കവർ 35** |
| | | **എല്ലാ ചിലവുകളും നൽകപ്പെടും**: ഈ ഓപ്ഷണൽ പരിരക്ഷ നിലവിലുണ്ടെങ്കിൽ, നിങ്ങളുടെ ആശുപത്രി ബില്ലിൽ ഇനം തിരിച്ച് നൽകിയിട്ടുള്ള ചിലവുകൾ ന്യായവും സാധാരണവും ആണെങ്കിൽ, സെക്ഷൻ 2.1 (ഇൻപേഷ്യന്റ് കെയർ), സെക്ഷൻ 2.4 (ഡേ കെയർ ചികിത്സ) എന്നിവയ്ക്ക് കീഴിൽ ഞങ്ങൾ കവർ ചെയ്യുന്നതാണ്. | **ഓപ്ഷണൽ കവർ 36** |
| | | **നിങ്ങളുടെ കവറേജ് അപ്ഗ്രേഡ് ചെയ്യുക**: ഈ ഓപ്ഷണൽ പരിരക്ഷ നിലവിലുണ്ടെങ്കിൽ, ഈ പോളിസിയുടെ ആയുസ്സിൽ ഒരിക്കൽ സെക്ഷൻ 2.1 (ഇൻപേഷ്യന്റ് കെയർ), സെക്ഷൻ 2.4 (ഡേ കെയർ ചികിത്സ) എന്നിവയ്ക്ക് കീഴിലുള്ള നിങ്ങളുടെ സം ഇൻഷൂർഡ് അപ്ഗ്രേഡ് ചെയ്യാനുള്ള ഓപ്ഷൻ നിങ്ങൾക്ക് ലഭിക്കും. പോളിസി പുതുക്കുന്ന സമയത്തോ അല്ലെങ്കിൽ ഒരു ക്ലെയിം ചെയ്യുന്ന സമയത്തോ എപ്പോൾ വേണമെങ്കിലും നിങ്ങൾക്ക് ഈ ഓപ്ഷൻ ഉപയോഗിക്കാം. നിങ്ങളുടെ ഇൻഷുറൻസ് തുക 20 ലക്ഷം, 50 ലക്ഷം അല്ലെങ്കിൽ 1 കോടി രൂപയായി അപ്ഗ്രേഡ് ചെയ്യാനുള്ള ഓപ്ഷൻ നിങ്ങൾക്കുണ്ട്. അപകടം മൂലമുണ്ടാകുന്ന പരിക്കുകൾക്കാണ് ഈ പരിരക്ഷ ഉപയോഗിക്കുന്നതെങ്കിൽ, തുടർന്നുള്ള പുതുക്കലുകൾക്കായി നിങ്ങളുടെ നിലവിലുള്ള സം ഇൻഷുറൻസ് തുകയുമായി മുന്നോട്ട് പോകാനുള്ള ഓപ്ഷൻ നിങ്ങൾക്കുണ്ട്. അപകടത്തിൽ ഉണ്ടാകുന്ന പരിക്കുകൾ അല്ലാത്ത മറ്റ് രോഗങ്ങൾക്കാണ് ഈ പരിരക്ഷ ഉപയോഗിക്കുന്നതെങ്കിൽ, തുടർന്നുള്ള പുതുക്കലുകൾക്കായി നിങ്ങളുടെ അപ്ഗ്രേഡ് ചെയ്ത ഇൻഷുറൻസ് തുകയുമായി തന്നെ നിങ്ങൾ മുന്നോട്ട് പോകേണ്ടതുണ്ട്. | **ഓപ്ഷണൽ കവർ 37** |

| | | | |
|---|---|---|---|
| | | **"സജീവമായ ചികിത്സാ ക്രമം ഇല്ല" എന്നത് ഒഴിവാക്കൽ**: ഈ ഓപ്ഷണൽ പരിരക്ഷ നിലവിലുണ്ടെങ്കിൽ, ഏതെങ്കിലും രോഗത്തിന്റെയോ പരിക്കിന്റെയോ വ്യക്തമായ സാന്നിധ്യമോ ലക്ഷണമോ ഇല്ലെങ്കിൽ പോലും, അത് വൈദ്യശാസ്ത്രപരമായി ആവശ്യമാണെങ്കിലും ഒരു ക്ലിനിക്കൽ സൂചന കാരണം ആശുപത്രിയിൽ തുടർച്ചയായ മെഡിക്കൽ നിരീക്ഷണം ആവശ്യമാണെങ്കിലും, ആ രോഗത്തിന്റെയും പരിക്കിന്റെയും രോഗനിർണ്ണയവും ചികിത്സയുമായി ബന്ധപ്പെട്ട ചിലവുകൾ ഞങ്ങൾ പരിരക്ഷിക്കും. ഒപിഡി അടിസ്ഥാനത്തിൽ ലഭ്യമാക്കാൻ കഴിയുന്നതും ക്ലിനിക്കൽ സൂചനകൾ ഇല്ലാത്തതുമായ രോഗനിർണ്ണയ പരിശോധനകൾക്ക് ഈ ആനുകൂല്യം ലഭിക്കില്ല. | **ഓപ്ഷണൽ കവർ 38** |
| | | **തൊഴിൽപരമായ പരിരക്ഷ**: ഈ ഓപ്ഷണൽ പരിരക്ഷ നിലവിലുണ്ടെങ്കിൽ, താഴെ പറയുന്ന ജോലികൾക്കായി പട്ടികയിലുള്ള തൊഴിൽപരമായ അപകടസാധ്യതകളുമായി ബന്ധപ്പെട്ട ചിലവുകൾ ഞങ്ങൾ അധികമായി പരിരക്ഷിക്കും. ഒരു പോളിസിയിൽ ഒരു വർഷം പരമാവധി 2 ഇൻഷൂർഡ് വ്യക്തികൾക്ക് വരെ ഞങ്ങൾ ഈ കവറേജ് നൽകും.<br>പരിരക്ഷ നൽകാനുള്ള ഓപ്ഷനുകൾ<br>1. ഐടി പ്രൊഫഷണലുകൾ<br>2. കടയുടമ | **ഓപ്ഷണൽ കവർ 39** |
| | | **വാർഷിക ആരോഗ്യ പരിശോധന** - ഒരു പോളിസി വർഷത്തിൽ തിരഞ്ഞെടുത്ത പ്ലാൻ അനുസരിച്ച് ഇൻഷുറൻസ് പരിരക്ഷയുള്ള അംഗങ്ങൾക്കായുള്ള വാർഷിക ആരോഗ്യ പരിശോധന | **ഓപ്ഷണൽ കവർ 40** |
| **6** | **ഒഴിവാക്കലുകൾ (പോളിസിയിൽ ഉൾക്കൊള്ളാത്തത്)** | സ്റ്റാൻഡേർഡ് ഒഴിവാക്കലുകൾ<br>1. അന്വേഷണവും അവലോകനവും (കോഡ്- Excl04)<br>2. വിശ്രമ ചികിത്സ, പുനരധിവാസം, വിശ്രമ പരിചരണം (കോഡ്- Excl05)<br>3. ലിംഗ മാറ്റ ചികിത്സ (കോഡ്- Excl07)<br>4. കോസ്മെറ്റിക് അല്ലെങ്കിൽ പ്ലാസ്റ്റിക് സർജറി (കോഡ്- Excl08)<br>5. അപകടകരമായ അല്ലെങ്കിൽ സാഹസിക കായിക വിനോദങ്ങൾ: (കോഡ്- Excl09)<br>6. നിയമലംഘനം (കോഡ്- Excl10)<br>7. ഒഴിവാക്കപ്പെട്ട ദാതാക്കൾ (കോഡ്- Excl11)<br>8. മദ്യപാനം, മയക്കുമരുന്ന് അല്ലെങ്കിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം അല്ലെങ്കിൽ ഏതെങ്കിലും ആസക്തിയുള്ള അവസ്ഥയ്ക്കും അതിന്റെ അനന്തരഫലങ്ങൾക്കുമുള്ള ചികിത്സ.<br>9. ഹീത്ത് ഹൈഡ്രോസ്, നേച്ചർ ക്യൂർ ക്ലിനിക്കുകൾ, സ്പാകൾ അല്ലെങ്കിൽ സമാനമായ സ്ഥാപനങ്ങൾ അല്ലെങ്കിൽ നഴ്സിങ് ഹോം ആയി രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ കിടക്കകൾ അല്ലെങ്കിൽ ഗാർഹിക കാരണങ്ങളാൽ പ്രവേശനം പൂർണ്ണമായോ ഭാഗികമായോ ക്രമീകരിച്ചിരിക്കുന്ന സ്ഥലങ്ങളിലോ ലഭിക്കുന്ന ചികിത്സ. (കോഡ്- Excl13)<br>10. ഹോസ്പിറ്റലൈസേഷൻ ക്ലെയിം അല്ലെങ്കിൽ ഡേ കെയർ നടപടിക്രമത്തിന്റെ ഭാഗമായി ഒരു മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ, വിറ്റാമിനുകളും ധാതുക്കളും ഓർഗാനിക് പദാർത്ഥങ്ങളും ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ, കുറിപ്പടി ഇല്ലാതെ വാങ്ങാൻ കഴിയുന്ന ഡയറ്ററി സപ്ലിമെന്റുകളും പദാർത്ഥങ്ങളും. (കോഡ്- Excl14)<br>11. റിഫ്രാക്റ്റീവ് പിശക് (കോഡ്- Excl15) | സെക്ഷൻ 3 |

| | | | |
|---|---|---|---|
| | | 12. തെളിയിക്കപ്പെടാത്ത ചികിത്സകൾ (കോഡ്- Excl16)<br>13. വന്ധ്യതയും വന്ധ്യതയും (കോഡ്- Excl17)<br>14. പ്രസവ ചെലവുകൾ (കോഡ് Excl18) ശ്രദ്ധിക്കുക: ഈ ഒഴിവാക്കൽ പ്രസവ ആനുകൂല്യങ്ങൾക്ക് ബാധകമല്ല (ഓപ്ഷണൽ കവർ 6)<br><br>പ്രത്യേക ഒഴിവാക്കലുകൾ<br>1. സെക്ഷൻ 2.8 (ആയുഷ് ചികിത്സ) പ്രകാരമുള്ള ആനുകൂല്യങ്ങൾ ഒഴികെയുള്ള ഏതെങ്കിലും ബദൽ ചികിത്സ<br>2. കവർ ചെയ്യുന്നതായി വ്യക്തമായി സൂചിപ്പിച്ചിട്ടില്ലാത്ത ആശുപത്രി വാസവുമായി ബന്ധപ്പെട്ട ചാർജുകൾ. ഏത് തലത്തിലായാലും ആശുപത്രി ഈടാക്കുന്ന സർവീസ് ചാർജ്ജുകൾ. ഈ ഒഴിവാക്കിയ ചെലവുകളുടെ പൂർണ്ണമായ ലിസ്റ്റ് ഈ പോളിസിയുടെ അനുബന്ധം II-ൽ സൂചിപ്പിച്ചിരിക്കുന്നു<br>3. രോഗി വെജിറ്റേറ്റീവ് നിലയിലാണെന്ന് ചികിത്സിക്കുന്ന ഡോക്ടർ സ്ഥിരീകരിച്ചതിന് ശേഷം ആ വ്യക്തിയുടെ ജീവൻ നിലനിറുത്താൻ ഉപയോഗിക്കുന്ന ലൈഫ് സപ്പോർട്ട് മെഷീൻ ഉൾപ്പെടെയുള്ള ആർട്ടിഫിഷ്യൽ ലൈഫ് മെയിന്റനൻസ് ചെലവുകൾ,<br>4. ഒരു രോഗത്തിന്റെയോ അസുഖത്തിന്റെയോ ചികിത്സയ്ക്കോ അല്ലെങ്കിൽ ഒരു അപകടത്തെ തുടർന്നോ ആവശ്യമായി വരുന്നത് ഒഴികെയുള്ള ലിംഗാഗ്ര ചർമ്മ ഛേദനം.<br>5. ആണവ അല്ലെങ്കിൽ രാസ മലിനീകരണം, യുദ്ധം, കലാപം, വിപ്ലവം അല്ലെങ്കിൽ ഭീകരപ്രവർത്തനങ്ങൾ (പ്രകൃതി ക്ഷോഭം അല്ലെങ്കിൽ ദുരന്തം ഒഴികെ) എന്നിവയുടെ ഫലമായുണ്ടാകുന്ന ഏതെങ്കിലും രോഗത്തിനോ പരിക്കുകൾക്കോ ഉള്ള ചികിത്സ.<br>6. ഏതെങ്കിലും ബാഹ്യ ജന്മവൈകല്യത്തിനുള്ള ചികിത്സ.<br>7. മുകളിൽ പറഞ്ഞ സെക്ഷൻ 2.3 പ്രകാരം ആശുപത്രിവാസത്തിനു ശേഷമുള്ള മെഡിക്കൽ ചെലവുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതല്ലാതെ, ഒപിഡി ചികിത്സയ്ക്കോ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ഹോസ്പിറ്റൽ വിടുമ്പോൾ വീട്ടിലേക്ക് കൊണ്ടുപോകുന്നതിന് നൽകുന്നതോ നിർദ്ദേശിച്ചതോ ആയ ഏതെങ്കിലും മരുന്നുകളോ സർജിക്കൽ ഡ്രെസ്സിംഗുകളോ. ഔട്ട്പേഷ്യന്റ് കവറിൽ ഈ ഒഴിവാക്കൽ ബാധകമല്ല (ഓപ്ഷണൽ കവർ 12)<br>8. സാധാരണ നേത്ര പരിശോധനകൾ, കോൺടാക്റ്റ് ലെൻസ് കണ്ണടകൾ, ശ്രവണസഹായികൾ, ഡെന്റേഴ്സ് , കൃത്രിമ പല്ലുകൾ എന്നിവയ്ക്ക് ഞങ്ങൾ പണം നൽകില്ല. ഔട്ട്പേഷ്യന്റ് കവറിനു ഈ ഒഴിവാക്കൽ ബാധകമല്ല (ഓപ്ഷണൽ കവർ 12)<br>9. ക്രോൺസ് രോഗം, അഴസറേറ്റിവ് കൊളൈറ്റിസ്, സിസ്റ്റിക് കിഡ്നിസ്, ന്യൂറോഫിബ്രോമാറ്റോസിസ്, ഫാക്ടർ വി ലൈഡൻ ത്രോംബോഫീലിയ, ഫാമിലിയൽ ഹൈപ്പർ കൊളസ്ട്രോളീമിയ, ഹീമോഫീലിയ, ഹെറിഡിറ്ററി ഫ്രക്ടോസ് അസഹിഷ്ണുത, ഹെറിഡിറ്ററി ഹെറോക്ട്രോമാറ്റോസിസ് എന്നിവയിൽ നിന്ന് ഉണ്ടാകുന്ന ഏതെങ്കിലും ചികിത്സ.<br>10. പ്രീ-ഹോസ്പിറ്റലൈസേഷൻ അല്ലെങ്കിൽ പോസ്റ്റ്-ഹോസ്പിറ്റലൈസേഷൻ സമയത്ത് ആവശ്യമായി വന്നേക്കാവുന്ന സ്വകാര്യ നഴ്സിംഗ്/അറ്റൻഡന്റ് ചാർജുകൾ.<br>11. കുറിപ്പടി ഇല്ലാത്ത മരുന്നുകളോ ചികിത്സയോ. | |

| | | | |
|---|---|---|---|
| | | 12. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വിതരണം, ഫിറ്റ്നസ് പരീക്ഷകൾ<br>13. ഹോസ്പിറ്റലൈസേഷൻ/അസുഖത്തിന്റെ ഏതെങ്കിലും കാലയളവുമായി ബന്ധപ്പെട്ട ഏതെങ്കിലും ചികിത്സ/അസുഖവുമായി ബന്ധപ്പെട്ട രേഖകൾ വാങ്ങുന്നതിന് ചിലവാകുന്ന നിരക്കുകൾ.<br>14. രോഗനിർണയത്തിനും ഒപ്പം/അല്ലെങ്കിൽ ചികിത്സയ്ക്കും ഉപയോഗിക്കുന്ന എക്സ്റ്റേണൽ കൂടാതെ/അല്ലെങ്കിൽ ഡ്യൂറബിൾ മെഡിക്കൽ/ നോൺ-മെഡിക്കൽ ഉപകരണങ്ങൾ, CPAP, CAPD, ഇൻഫ്യൂഷൻ പമ്പ്.<br>15. ആംബുലേറ്ററി ഉപകരണങ്ങൾ, വാക്കറുകൾ, ക്രച്ചസുകൾ, ബെൽറ്റുകൾ, കോളറുകൾ, ക്യാപ്പുകൾ, സ്പ്ലിന്റുകൾ, സ്ലിംഗുകൾ, ബ്രേസുകൾ, ഏത് തരത്തിലുമുള്ള സ്റ്റോക്കിംഗുകൾ, പ്രമേഹ രോഗികൾക്കുള്ള പാദരക്ഷകൾ, ഗ്ലൂക്കോമീറ്റർ/തെർമോമീറ്റർ എന്നിവയും അവ കൂടാതെ ഓപ്ഷണൽ കവർ 17 ആയ ഡ്യൂറബിൾ എക്യുപ്മെന്റ് കവർ പ്രകാരമുള്ള പരിധി വരെയൊഴികെ പിന്നീട് വീട്ടിൽ ഉപയോഗിക്കുന്ന ഏതൊരു മെഡിക്കൽ ഉപകരണവും.<br>16. ഒപിഡി ചികിത്സയ്ക്ക് പരിരക്ഷയില്ല. എന്നിരുന്നാലും ഈ ഒഴിവാക്കൽ ഇതിന് ബാധകമല്ല: ഓപ്ഷണൽ കവർ 12 ആയ ഔട്ട്പേഷ്യന്റ് പരിരക്ഷയും, ഓപ്ഷണൽ കവർ 6 ആയ പ്രസവ ആനുകൂല്യവും<br>17. ഓപ്ഷണൽ കവർ 6 ആയ പ്രസവ ആനുകൂല്യത്തിന് കീഴിലുള്ള നവജാത ശിശുക്കൾക്കുള്ള വാക്സിനേഷൻ ഒഴികെയുള്ള എല്ലാ പ്രതിരോധ പരിചരണങ്ങളും, കുത്തിവെപ്പുകളും പ്രതിരോധ കുത്തിവെപ്പുകളും ഉൾപ്പെടെയുള്ള വാക്സിനേഷനുകൾ.<br>18. മനഃപൂർവം സ്വയം വരുത്തിവച്ച ഒരു മുറിവിനുള്ള ചികിത്സ, ആത്മഹത്യാശ്രമം ഉൾപ്പെടെ.<br>19. സ്ലീപ് അപ്നിയ, കൂർക്കംവലി അല്ലെങ്കിൽ ഉറക്കവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ശ്വസന പ്രശ്നങ്ങൾക്കുള്ള ചികിത്സ.<br>20. ഇന്ത്യയ്ക്ക് പുറത്ത് നിന്ന് ലഭിക്കുന്ന ഏതൊരു ചികിത്സയും. ഈ ഒഴിവാക്കൽ ഓപ്ഷണൽ കവർ 13 ആയ സ്വിച്ച് ഓൺ സ്വിച്ച് ഓഫ് പരിരക്ഷയ്ക്കും, ഓപ്ഷണൽ കവർ 14 ആയ ഗ്ലോബൽ പരിരക്ഷയ്ക്കും ബാധകമല്ല<br>21. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത ഒരു മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന ചികിത്സ. ഈ ഒഴിവാക്കൽ ഓപ്ഷണൽ കവർ 13 ആയ സ്വിച്ച് ഓൺ സ്വിച്ച് ഓഫ് പരിരക്ഷയ്ക്കും, ഓപ്ഷണൽ കവർ 14 ആയ ഗ്ലോബൽ പരിരക്ഷയ്ക്കും ബാധകമല്ല.<br>22. ഇൻഷ്വർ ചെയ്ത വ്യക്തിയുടെ അതേ താമസസ്ഥലത്ത് താമസിക്കുന്ന ആളോ അല്ലെങ്കിൽ ഇൻഷ്വർ ചെയ്ത വ്യക്തിയുടെ അടുത്ത കുടുംബാംഗമോ നൽകുന്ന ചികിത്സ.<br>23. ഹോസ്പിറ്റലൈസേഷൻ ആവശ്യമായി വരുന്നതോ അല്ലാത്തതോ ആയ ഏതെങ്കിലും രോഗത്തിന്റെ അല്ലെങ്കിൽ പരിക്കിന്റെ പോസിറ്റീവ് നിലനിൽപ്പിന്റെയോ സാന്നിദ്ധ്യത്തിന്റെയോ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും പൊരുത്തപ്പെടുന്നതോ അല്ലെങ്കിൽ സമാനയതോ അല്ലാത്ത, എക്സ്-റേ അല്ലെങ്കിൽ ലബോറട്ടറി പരിശോധനകൾ അല്ലെങ്കിൽ മറ്റ് ഡയഗ്നോസ്റ്റിക് പഠനങ്ങൾ. ഈ ഒഴിവാക്കൽ ഓപ്ഷണൽ കവർ 38 | |

| | | | |
|---|---|---|---|
| | | ആയ 'സജീവമായ ചികിത്സാ ക്രമം എന്നത് ഒഴിവാക്കൽ' എന്ന പരിരക്ഷയ്ക്ക് ബാധകമല്ല.<br><br>**ഓപ്ഷണൽ കവർ 2 ആയ വ്യക്തിഗത അപകട പരിരക്ഷയ്ക്കുള്ള അധിക ഒഴിവാക്കലുകൾ**<br>• ഏതെങ്കിലും തരത്തിലുള്ള ലഹരിവസ്തുക്കളുടെ ദുരുപയോഗം അല്ലെങ്കിൽ ദുരുപയോഗത്തിന്റെ ഫലമായുണ്ടാകുന്ന ആസക്തിയുള്ള അവസ്ഥകളും തകരാറുകളും, മദ്യത്തിന്റെ ദുരുപയോഗം അല്ലെങ്കിൽ ദുരുപയോഗം ഉൾപ്പെടെയുള്ളവയുമായി ബന്ധപ്പെട്ട പരിക്കുകൾ അല്ലെങ്കിൽ ചികിത്സ.<br>• സാഹസിക കായിക വിനോദങ്ങളിൽ പങ്കെടുക്കൽ.<br>• ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ക്രിമിനൽ ഉദ്ദേശ്യത്തോടെയുള്ള ഏതെങ്കിലും നിയമലംഘനം നടത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും കലാപങ്ങൾ, ആഭ്യന്തര പ്രക്ഷോഭങ്ങൾ, അല്ലെങ്കിൽ വലിയ കുറ്റകൃത്യങ്ങൾ എന്നിവയിൽ പങ്കെടുക്കുകയോ ചെയ്യൽ.<br>• മനഃപൂർവ്വം സ്വയം വരുത്തുന്ന പരിക്കുകൾ, ആത്മഹത്യ അല്ലെങ്കിൽ ആത്മഹത്യാശ്രമം, ചിത്തഭ്രമം, അല്ലെങ്കിൽ മാനസിക സമ്മർദ്ദം.<br>• ജന്മനായുള്ള വൈകല്യം, അത് ജന്മനായുള്ള ആന്തരിക വൈകല്യമോ ബാഹ്യ വൈകല്യമോ ആകട്ടെ, കൂടാതെ ജന്മനായുള്ള ആന്തരിക അല്ലെങ്കിൽ ബാഹ്യ രോഗങ്ങൾ, വൈകല്യങ്ങൾ അല്ലെങ്കിൽ അതിന്റെ അനന്തരഫലങ്ങൾ.<br>• ബാക്ടീരിയൽ അണുബാധകൾ (അപകടം കാരണം ഉണ്ടാകുന്ന മുറിവിലൂടെയോ പോറലിലൂടെയോ സംഭവിക്കുന്ന പയോജനിക് അണുബാധ ഒഴികെ).<br>• അപകടം കാരണം നേരിട്ടും പൂർണ്ണമായും ഉണ്ടാകുന്ന അല്ലാത്ത, ഏതെങ്കിലും രോഗം അല്ലെങ്കിൽ അണുബാധ മൂലം ഉണ്ടാകുന്ന അവസ്ഥകൾ.<br>• പോളിസി ആരംഭിച്ചതിന് ശേഷം തൊഴിലിൽ വരുത്തുന്ന ഏതൊരു മാറ്റവും, അത് റിസ്ക് വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നുവെങ്കിൽ, അത്തരം മാറ്റം ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി വെളിപ്പെടുത്തുകയും ഞങ്ങൾ അത് അംഗീകരിച്ച് എൻഡോഴ്സ് ചെയ്യുകയും ചെയ്യാത്ത പക്ഷം.<br>• പോളിസി ആരംഭിച്ച തീയതിക്ക് ശേഷം തൊഴിലിൽ വരുത്തുന്ന ഏതൊരു മാറ്റവും, അത് പോളിസി പ്രകാരമുള്ള ഞങ്ങളുടെ റിസ്ക് വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നുവെങ്കിൽ, ഞങ്ങൾ അത് അംഗീകരിക്കുകയും പോളിസി ഷെഡ്യൂളിൽ എൻഡോഴ്സ് ചെയ്യുകയും ചെയ്യാത്ത പക്ഷം.<br>• പൂർണ്ണമായും നേരിട്ടും ഒരു അപകടത്തിന്റെ ഫലമായി അനിവാര്യമായി ആവശ്യമായി വരുന്ന സാഹചര്യത്തിലൊഴികെയുള്ള ചികിത്സാ അല്ലെങ്കിൽ ശസ്ത്രക്രിയാ നടപടിക്രമങ്ങൾ.<br>• ലോകത്തിലെ ഏതെങ്കിലും ഷെഡ്യൂൾഡ് എയർലൈനുകളിലോ, സ്വകാര്യ ഉടമസ്ഥതയിലുള്ളതോ ചാർട്ടർ ചെയ്തതോ ആയ വിമാനങ്ങളിലോ ഒരു യാത്രക്കാരനായി (യാത്രാക്കൂലി നൽകിയോ അല്ലാതെയോ) യാത്ര ചെയ്യുന്ന സാഹചര്യം ഒഴികെ മറ്റേതെങ്കിലും ബലൂണിലോ വിമാനത്തിലോ കയറുമ്പോഴോ, അതിൽ നിന്ന് ഇറങ്ങുമ്പോഴോ അല്ലെങ്കിൽ അതിൽ യാത്ര ചെയ്യുമ്പോഴോ ഉണ്ടാകുന്ന അപകടങ്ങൾ.<br>• ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ഏതെങ്കിലും വിമാനം പ്രവർത്തിപ്പിക്കുകയോ പ്രവർത്തിപ്പിക്കാൻ | |

| | | | |
|---|---|---|---|
| | | പഠിക്കുകയോ ചെയ്യൽ, അല്ലെങ്കിൽ ഏതെങ്കിലും വിമാനത്തിലോ ഷെഡ്യൂൾഡ് എയർലൈനുകളിലോ ക്രൂ അംഗമായി ചുമതലകൾ നിർവ്വഹിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും എയർലൈൻ ജീവനക്കാരനായി പ്രവർത്തിക്കുകയോ ചെയ്യൽ.<br>• യുദ്ധം അല്ലെങ്കിൽ യുദ്ധം പോലുള്ള പ്രവർത്തനങ്ങൾ, ആഭ്യന്തര യുദ്ധം, അധിനിവേശം, വിദേശ ശത്രുക്കളുടെ നടപടികൾ, വിപ്ലവം, കലാപം, രാജ്യദ്രോഹം, ഭീകരവാദം, സൈനിക അല്ലെങ്കിൽ അനധികൃത അധിനിവേശം, പിടിച്ചെടുത്തുക്കൽ, കസ്റ്റഡിയിലെടുക്കൽ, അറസ്റ്റ്, തടഞ്ഞുവെക്കൽ, അല്ലെങ്കിൽ ഏതെങ്കിലും സർക്കാരിന്റെയോ പൊതു അധികാരിയുടെയോ ഉത്തരവ് പ്രകാരം കണ്ടുകെട്ടൽ, അല്ലെങ്കിൽ ദേശസാൽക്കരിക്കൽ അല്ലെങ്കിൽ ഏറ്റെടുക്കൽ.<br>• നഷ്ടത്തിന് സമാന്തരമായോ മറ്റേതെങ്കിലും ക്രമത്തിലോ സംഭാവന നൽകുന്ന മറ്റ് ഏതൊരു കാരണവും സംഭവവും കണക്കിലെടുക്കാതെയുള്ള ആണവ, രാസ, ജൈവ ഭീകരവാദത്തിന്റെ ഏതൊരു പ്രവർത്തനവും.<br>• റേഡിയോ ആക്ടീവ്, രാസ, ആണവ മലിനീകരണം, അല്ലെങ്കിൽ അയോണൈസിംഗ് റേഡിയേഷൻ.<br>• ഇൻഷുറൻസ് പരിരക്ഷയുള്ള ഏതൊരു വ്യക്തിയും നാവികസേന, വ്യോമസേന അല്ലെങ്കിൽ സൈനിക പ്രവർത്തനങ്ങളുടെ ഏതെങ്കിലും വിഭാഗത്തിലോ ഏതെങ്കിലും അർദ്ധസൈനിക വിഭാഗങ്ങളിലോ പങ്കെടുക്കുകയോ അതിൽ ഏർപ്പെടുകയോ ചെയ്യൽ.<br>• ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയോടൊപ്പം ഒരേ വസതിയിൽ താമസിക്കുന്നതോ അല്ലെങ്കിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ കുടുംബത്തിലെ അംഗമായതോ ആയ ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ സാക്ഷ്യപ്പെടുത്തൽ.<br>• അനുബന്ധത്തിൽ നൽകിയിട്ടുള്ള നോൺ-മെഡിക്കൽ ചിലവുകളുടെ ലിസ്റ്റിൽ നിർദ്ദിഷ്ടമായി പറഞ്ഞിട്ടുള്ള ഏതൊരു ചിലവുകളും (അതിൽ പരാമർശിച്ചിരിക്കുന്നവ ഒഴികെ).<br>• ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി വെളിപ്പെടുത്തിയിട്ടുള്ള നിലവിലുള്ള രോഗങ്ങൾ, അവ അണ്ടർറൈറ്റിംഗ് സമയത്ത് ബാധകമാക്കുകയും നിങ്ങളോ/ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയോ അതിന് സമ്മതം നൽകുകയും ചെയ്തിട്ടുള്ള പക്ഷം. | |
| **7** | **കാത്തിരിപ്പ് കാലയളവ്** | • **ആദ്യത്തെ മുപ്പത് ദിവസത്തെ കാത്തിരിപ്പ് കാലയളവ് (കോഡ് - Excl03):** എല്ലാ രോഗങ്ങൾക്കും 30 ദിവസം (പുതുക്കലിനോ അപകടങ്ങൾക്കോ ബാധകമല്ല)<br>• **ഗുരുതര രോഗത്തിനുള്ള പ്രാരംഭ കാത്തിരിപ്പ് കാലയളവ്:** പോളിസിരേഖയിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ ഗുരുതരമായ രോഗങ്ങൾക്കും 90 ദിവസം.<br>• **നിർദ്ദിഷ്ട കാത്തിരിപ്പ് കാലയളവുകൾ:** നിർദ്ദിഷ്ട രോഗങ്ങൾക്കുള്ള ചികിത്സയിൽ 24 മാസം<br>ഈ രോഗങ്ങളുടെ പട്ടിക ഇതാണ്:<br>തിമിരം<br>2. പിത്താശയത്തിലോ, മൂത്രാശയ സംവിധാനങ്ങളിലെയോ കല്ലുകൾ<br>3. ഹെർണിയ / ഹൈഡ്രോസെൽ<br>4. ഏതെങ്കിലും അപകടകരമല്ലാത്ത തകരാറിനുള്ള ഹിസ്റ്റെരെക്ടമി | സെക്ഷൻ 3.1.3<br>സെക്ഷൻ 3.2.1<br>സെക്ഷൻ 3.1.2 |

| | | | |
|---|---|---|---|
| | | 5. മുഴകൾ / സിസ്റ്റുകൾ / നോഡ്യൂളുകൾ / പോളിപ്സ് / മാരകമായവ ഒഴികെയുള്ള ആന്തരിക ട്യൂമറുകൾ<br>6. ഗ്യാസ്ട്രിക്, ഡുവോഡിനൽ അൾസർ<br>7. ടോൺസിൽസ് / അഡിനോയിഡ്സ് ശസ്ത്രക്രിയ<br>8. ഓസ്റ്റിയോ ആർത്രൈറ്റിസ് / സന്ധിവാതം / സന്ധിവാതം/ വാതം / സ്പോണ്ടിലോസിസ് / അപകടം കാരണം ഉണ്ടായത് അല്ലാത്ത പക്ഷം പ്രോലാപ്സ് സ്പോണ്ടിലൈറ്റിസ് / ഇന്റർവെർട്ടെബ്രൽ ഡിസ്ക്, നട്ടെല്ല് സംബന്ധമായ രോഗങ്ങൾ<br>9. ഫിഷർ / ഫിസ്റ്റുല / ഹെമറോയ്ഡ്<br>10. സൈനസൈറ്റിസ് / ഡീവിയേറ്റഡ് നാസൽ സെപ്റ്റം / ടിമ്പനോപ്ലാസ്റ്റി / ക്രോണിക് സപ്പുറേറ്റീവ് ഓട്ടിറ്റിസ് മീഡിയ<br>11. ബെനിൻ പ്രോസ്റ്റാറ്റിക് ഹൈപ്പർട്രോഫി<br>12. മുട്ട് / ഇടുപ്പ് സന്ധി മാറ്റിസ്ഥാപിക്കൽ, ഏതെങ്കിലും ലിഗമെന്റ്, ടെൻഡോൺ അല്ലെങ്കിൽ പേശി കീറൽ<br>13. ഡിലേറ്റേഷൻ ആൻഡ് ക്യൂറേറ്റേജ്<br>14. വെരിക്കോസ് വെയിൻ<br>15. പ്രവർത്തനരഹിതമായ ഗർഭാശയത്തിലെ രക്തസ്രാവം / ഫൈബ്രോയിഡുകൾ / സ്ഥാനഭ്രംശമുള്ള ഗർഭപാത്രം / എൻഡോമെട്രിയോസിസ്<br>16. വിട്ടുമാറാത്ത വൃക്ക പരാജയം അല്ലെങ്കിൽ അവസാന ഘട്ടത്തിലെത്തിയ വൃക്ക പരാജയം<br>17. ആന്തരിക ജന്മവൈകല്യങ്ങൾ/രോഗങ്ങൾ/ വൈകല്യങ്ങൾ<br>• നിലവിലുള്ള രോഗങ്ങൾ (കോഡ്- Excl01): വെളിപ്പെടുത്തിയതും അംഗീകരിച്ചതുമായ നിലവിലുള്ള രോഗങ്ങളുടെ പരിരക്ഷയ്ക്ക് 3 വർഷത്തെ വെയ്റ്റിംഗ് പിരീഡ് ബാധകമാണ്<br>• ഐവിഎഫ് കവറിനായി: പോളിസി ആരംഭിച്ച തീയതി മുതൽ 3 വർഷത്തെ കാത്തിരിപ്പ് കാലയളവ് ബാധകമായിരിക്കും.<br>• മാനസിക ചികിത്സയ്ക്കും: പോളിസി ആരംഭിച്ച തീയതി മുതൽ 36 മാസം.<br>• ബാരിയാട്രിക് സർജറി കവർ - പോളിസി ആരംഭിച്ച തീയതി മുതൽ 3 വർഷത്തെ കാത്തിരിപ്പ് കാലയളവ് | സെക്ഷൻ 3.1.1<br>സെക്ഷൻ 2.9<br>സെക്ഷൻ 2.11<br>സെക്ഷൻ 2.10 |
| **8** | **കവറേജിന്റെ സാമ്പത്തിക പരിധികൾ** | **1. സബ്‌ലിമിറ്റ്** (ഇത് മുൻകൂട്ടി നിർവചിച്ച പരിധിയാണ്, ഈ പരിധിയിൽ കൂടുതൽ തുക ഞങ്ങൾ നൽകില്ല)<br>ഒരു ക്ലെയിമിന്റെ കാര്യത്തിൽ, ഈ പോളിസിയിൽ നിങ്ങൾ ഇനിപ്പറയുന്ന ചെലവുകൾ പങ്കിടേണ്ടതുണ്ട്: ഇനിപ്പറയുന്ന ഉപപരിധികൾ കവിയുന്ന ചെലവുകൾ -<br>• സിംഗിൾ പ്രൈവറ്റ് എസി റൂമിന് മുകളിലുള്ള റൂം<br>• ഇനിപ്പറയുന്ന നിർദ്ദിഷ്ട രോഗങ്ങൾക്ക്:<br>• തിമിര ചികിത്സയ്ക്ക്, ഓരോ പോളിസി വർഷത്തിനും താഴെ പറയുന്ന സബ്‌ലിമിറ്റ് ഓരോ കണ്ണിനും ബാധകമാകും: രൂ. 40,000 | സെക്ഷൻ 2.1<br>സെക്ഷൻ 2.1 |
| | | **2. കോ-പേയ്മെന്റ്** (ഇത് പോളിസി ഹോൾഡർ/ ഇൻഷ്വർ ചെയ്തയാൾ അടയ്ക്കേണ്ട അനുവദനീയമായ ക്ലെയിം തുകയുടെ നിശ്ചിത തുകയാണ്/ ശതമാനമാണ്)<br>പോളിസി ആരംഭിക്കുന്ന തീയതിയിൽ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് 61 വയസ്സോ അതിൽ കൂടുതലോ പ്രായമുണ്ടെങ്കിൽ, ഓരോ ക്ലെയിമിനും അനുവദനീയമായ | സെക്ഷൻ 5.2 |

| | | | |
|---|---|---|---|
| | | ക്ലെയിം തുകയുടെ 20% കോ-പേയ്മെന്റ് ബാധകമായിരിക്കും. | |
| **9** | **ക്ലെയിമുകൾ / ക്ലെയിം നടപടികൾ** | **ക്യാഷ്‌ലെസ്സ് സർവീസിന്:**<br>• സ്റ്റാൻഡേർഡ് ക്ലെയിം ഫോമും (പാർട്ട് എയും പാർട്ട് ബിയും) ക്യാഷ്‌ലെസ്സ് പ്രീ-ഓഥറൈസേഷൻ അഭ്യർത്ഥന ഫോമും പരിശോധനയ്ക്കായി ഞങ്ങളുടെ www.magmainsurance.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അഭ്യർത്ഥന പ്രകാരം ഞങ്ങളുടെ ഏത് ഓഫീസിൽ നിന്നും ഇത് ലഭിക്കും.<br>• ടോൾ ഫ്രീ നമ്പർ - 1800 266 3202<br>• അപ്ഡേറ്റ് ചെയ്ത നെറ്റ്‌വർക്ക് ആശുപത്രികളുടെ ലിസ്റ്റും ഒഴിവാക്കപ്പെട്ട ആശുപത്രി ലിസ്റ്റും ഞങ്ങളുടെ വെബ്സൈറ്റായ www.magmainsurance.com-ൽ നിന്നും ഞങ്ങളുടെ ടിപിഎ-യുടെ വെബ്സൈറ്റിൽ നിന്നും ലഭിക്കും. ടിപിഎയുടെ നെറ്റ്‌വർക്ക് ആശുപത്രികളിൽ മാറ്റം ഉണ്ടാകാനിടയുള്ള കാര്യം ദയവായി ശ്രദ്ധിക്കുക.<br>• ക്ലെയിം ഫോം ഇവിടെ നിന്ന് ഡൗൺലോഡ് ചെയ്യുക: https://www.magmainsurance.com/web/magmainsurance/downloads<br>• ആവശ്യമായ രേഖകൾക്കൊപ്പം അഭ്യർത്ഥന ലഭിച്ച് ഒരു മണിക്കൂറിനുള്ളിൽ നെറ്റ്‌വർക്ക് ദാതാവിന് അംഗീകാരം നൽകുന്നതാണ്.<br>• ഡിസ്ചാർജ് സമയത്ത് ആവശ്യമായ രേഖകൾക്കൊപ്പം ഡിസ്ചാർജ് അംഗീകാര അഭ്യർത്ഥന ലഭിച്ച് 3 മണിക്കൂറിനുള്ളിൽ ഫൈനൽ ക്യാഷ് ലെസ്സ് അംഗീകാരം ലഭിക്കും. | സെക്ഷൻ 5.5 |
| | | **ക്ലെയിം റീഇംബേഴ്സ്മെന്റിനായി**<br>• ക്ലെയിമിന്റെ അറിയിപ്പ്: ആസൂത്രണം ചെയ്യുള്ള ആശുപത്രി പ്രവേശനത്തിന് 72 മണിക്കൂർ മുമ്പെങ്കിലും ദയവായി ഞങ്ങളെ ബന്ധപ്പെടുക. അടിയന്തിര ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന്, ആശുപത്രിയിൽ പ്രവേശിപ്പിച്ച് 24 മണിക്കൂറിനുള്ളിൽ ദയവായി ബന്ധപ്പെടുക.<br>• ക്ലെയിം സമർപ്പിക്കൽ: ഇൻഷ്വർ ചെയ്തയാൾ എല്ലാ പ്രസക്തമായ ക്ലെയിം രേഖകളും സമർപ്പിക്കണം, കൂടാതെ ക്ലെയിമുകൾ, അറിയിപ്പ് ലഭിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ (ആവശ്യമായ രേഖകൾക്കൊപ്പം) ഓരോ കേസും അനുസരിച്ച് തീർപ്പാക്കുകയോ നിരസിക്കുകയോ ചെയ്യും. | സെക്ഷൻ 5.5 |
| **10** | **പോളിസി സർവീസിംഗ്** | ഞങ്ങളെ വിളിക്കുക: 1800 266 3202<br>വിലാസം: പ്രവൃത്തി സമയങ്ങളിൽ ഞങ്ങളുടെ ഏതെങ്കിലും ബ്രാഞ്ച് ഓഫീസുകൾ അല്ലെങ്കിൽ കോർപ്പറേറ്റ് ഓഫീസിൽ വിളിക്കാം. ബ്രാഞ്ച് ഓഫീസുകളുടെ ലിസ്റ്റ് www.magmainsurance.com ൽ കാണാം | |
| **11** | **പരാതികൾ/ ആവലാതികൾ** | മുതിർന്ന പൗരന്മാർ ഉൾപ്പെടെയുള്ളവരുടെ ഏതൊരു പരാതിയുടെയും കാര്യത്തിൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് താഴെ പറയുന്ന മാർഗ്ഗങ്ങളിലൂടെ കമ്പനിയുമായി ബന്ധപ്പെടാം:<br>വെബ്സൈറ്റ്: www.magmainsurance.com<br>ടോൾ ഫ്രീ: 1800 266 3202<br>ഇമെയിൽ വിലാസം: customercare@magmainsurance.com.<br>മുതിർന്ന പൗരന്മാർക്കുള്ള ഇമെയിൽ വിലാസം - namaskar@magmainsurance.com<br>മുതിർന്ന പൗരന്മാർക്കായി മാത്രമുള്ള പ്രത്യേക ഹെൽപ്പ് ലൈൻ - 022-62605766 | സെക്ഷൻ 4.1.16 |

| | | | |
|---|---|---|---|
| | | ഉപഭോക്താവിന് ബ്രാഞ്ച് ജിആർഒ യുമായും ബന്ധപ്പെടാം<br>ഇമെയിൽ വിലാസം: Gro@magmainsurance.com<br>**ഐആർഡിഎഐ പരാതി സെൽ:**<br>ടോൾ ഫ്രീ നമ്പർ: 155255 (അല്ലെങ്കിൽ) 1800 4254 732<br>സമയം: രാവിലെ 8 മുതൽ രാത്രി 8 വരെ –<br>(തിങ്കൾ മുതൽ ശനി വരെ)<br><br>ലഭിച്ച പരിഹാരത്തിൽ നിങ്ങൾ തൃപ്തരല്ലെങ്കിൽ, ഐആർഡിഎഐയുടെ ഓൺലൈൻ പോർട്ടലായ ബിമ ഭറോസ സിസ്റ്റം - https://bimabharosa.irdai.gov.in/ൽ നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാം.<br><br>**ഓംബുഡ്സ്മാൻ:**<br>തീരുമാനത്തിൽ/പരിഹാരത്തിൽ നിങ്ങൾ ഇപ്പോഴും തൃപ്തനല്ലെങ്കിൽ, പരാതി ഫയൽ ചെയ്ത തീയതി മുതൽ 30 ദിവസത്തെ നിശ്ചിത കാലയളവ് കഴിഞ്ഞാൽ നിങ്ങൾക്ക് ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസിനെ സമീപിക്കാം. പരാതിയുടെ നിലവിലെ സ്ഥിതി മനസ്സിലാക്കാൻ , ദയവായി www.irdai.gov.in അല്ലെങ്കിൽ https://www.cioins.co.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. | അനുബന്ധം I |
| **12** | **ഓർത്തുവയ്ക്കേണ്ട കാര്യങ്ങൾ** | **ഫ്രീ ലുക്ക് ക്യാൻസലേഷൻ:** പോളിസി ആരംഭിച്ച് 30 ദിവസത്തിനകം നിങ്ങൾക്ക് ഇൻഷുറൻസ് പോളിസി ആവശ്യമില്ലെങ്കിൽ അത് റദ്ദാക്കാവുന്നതാണ്.<br>ഫ്രീ ലുക്കുമായി ബന്ധപ്പെട്ട പ്രക്രിയയ്ക്കായി ഞങ്ങളെ വിളിക്കുക: 1800 266 3202<br>**പോളിസി പുതുക്കൽ:** ഇൻഷ്വർ ചെയ്ത വ്യക്തിയുടെ വഞ്ചന, വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ തെറ്റായ പ്രതിനിധാനം ചെയ്യൽ എന്നിവ ഒഴികെയുള്ള സാഹചര്യങ്ങളിൽ പോളിസി സാധാരണയായി പുതുക്കാവുന്നതാണ്.<br>**മൈഗ്രേഷനും പോർട്ടബിലിറ്റിയും:** നിങ്ങളുടെ പോളിസി പുതുക്കേണ്ട സമയത്ത്, നിങ്ങൾക്ക് ഞങ്ങളുടെ തന്നെ മറ്റൊരു പോളിസിയിലേക്ക് മൈഗ്രേറ്റ് ചെയ്യാം അല്ലെങ്കിൽ നിങ്ങളുടെ പോളിസി മറ്റൊരു ഇൻഷുററിലേക്ക് പോർട്ട് ചെയ്യാം.<br>**സം ഇൻഷുർഡിലെ മാറ്റം:** പുതുക്കുന്ന സമയത്തോ അല്ലെങ്കിൽ കമ്പനിയുടെ അണ്ടർ റൈറ്റിങ്ങിന് വിധേയമായി എപ്പോൾ വേണമെങ്കിലും ഇൻഷുറൻസ് തുക മാറ്റാം (വർദ്ധിപ്പിക്കുക/കുറയ്ക്കുക). എസ്ഐ വർദ്ധിപ്പിക്കുകയാണെങ്കിൽ, കാത്തിരിപ്പ് കാലയളവ് എന്തെങ്കിലും ഉണ്ടെങ്കിൽ, ഇൻഷ്വർ ചെയ്ത തുകയുടെ വർദ്ധിപ്പിച്ച ഭാഗത്ത് മാത്രം ബാധകമായിരിക്കും.<br>**മൊറട്ടോറിയം കാലയളവ്:** പോളിസിക്ക് കീഴിൽ തുടർച്ചയായ അഞ്ച് വർഷം പൂർത്തിയാക്കിയതിന് ശേഷം ലുക്ക് ബാക്ക് ബാധകമായിരിക്കില്ല. അഞ്ച് വർഷത്തെ ഈ കാലയളവിനെ മൊറട്ടോറിയം കാലയളവ് എന്ന് വിളിക്കുന്നു. ആദ്യ പോളിസിയുടെ സം ഇൻഷ്വർഡിന് മൊറട്ടോറിയം ബാധകമായിരിക്കും, തുടർന്ന് തുടർച്ചയായി അഞ്ച് വർഷം പൂർത്തിയാകുന്നത്, മെച്ചപ്പെടുത്തിയ പരിധികളിൽ മാത്രം, ഇൻഷ്വർ ചെയ്ത തുക വർദ്ധിപ്പിച്ച തീയതി മുതൽ ബാധകമായിരിക്കും.<br>മൊറട്ടോറിയം കാലയളവ് അവസാനിച്ചതിന് ശേഷം, പോളിസി കരാറിൽ വ്യക്തമാക്കിയ വഞ്ചനയും സ്ഥിരമായ ഒഴിവാക്കലുകളും ഒഴികെ ഒരു ആരോഗ്യ ഇൻഷുറൻസ് ക്ലെയിമിനും തർക്കം ഉണ്ടായിരിക്കില്ല. | സെക്ഷൻ 4.1.15<br>സെക്ഷൻ 4.1.10<br>സെക്ഷൻ 4.1.8, 4.1.9<br>സെക്ഷൻ 5.3<br>സെക്ഷൻ 4.1.12 |

| | | | |
|---|---|---|---|
| **13** | **നിങ്ങളുടെ കടമകൾ** | ഒരു പോളിസി വാങ്ങുന്നതിന് മുമ്പ് നിലവിലുള്ള എല്ലാ രോഗങ്ങളും / അവസ്ഥകളും ദയവായി വെളിപ്പെടുത്തുക. വെളിപ്പെടുത്താതിരിക്കുന്നത് ക്ലെയിം സെറ്റിൽമെന്റിനെ ബാധിച്ചേക്കാം.<br>പോളിസി കാലയളവിൽ മറ്റ് "മെറ്റീരിയൽ വിവരങ്ങളുടെ" വെളിപ്പെടുത്തൽ.<br>ഈ പോളിസിയുടെ ഉദ്ദേശ്യത്തിനായുള്ള 'മെറ്റീരിയൽ വസ്തുതകൾ' എന്നത് റിസ്ക്. അണ്ടർറൈറ്റിംഗ് പശ്ചാത്തലത്തിൽ അറിവോടെയുള്ള തീരുമാനമെടുക്കാൻ ഞങ്ങളെ പ്രാപ്തമാക്കുന്നതിന് പ്രൊപ്പോസൽ ഫോമിലും മറ്റ് അനുബന്ധ രേഖകളിലും ഞങ്ങൾ ആവശ്യപ്പെട്ട എല്ലാ പ്രസക്തമായ വിവരങ്ങളും എന്ന് അർത്ഥമാക്കുന്നു.<br>ഉദ്യോഗത്തിന്റെയോ ബിസിനസ്സിന്റെയോ സ്വഭാവത്തിൽ ഉണ്ടാകുന്ന മാറ്റം മൂലം റിസ്കിൽ എന്തെങ്കിലും കാര്യമായ മാറ്റമുണ്ടായാൽ ദയവായി അത് ഞങ്ങളെ രേഖാമൂലം അറിയിക്കുക | സെക്ഷൻ 4.1.1<br><br><br><br><br><br><br><br><br><br>സെക്ഷൻ 4.2.8 |

**പോളിസി ഉടമയുടെ പ്രഖ്യാപനം**

□ ഞാൻ വായിക്കുകയും വിശദാംശങ്ങൾ ശ്രദ്ധിക്കുകയും ചെയ്തതായി സ്ഥിരീകരിക്കുന്നു.

സ്ഥലം:

തീയതി: (പോളിസി ഉടമയുടെ ഒപ്പ്)

കുറിപ്പ്: (i) ഉപഭോക്തൃ വിവര പത്രം ഉൾപ്പെടെയുള്ള ഉൽപ്പന്നവുമായി ബന്ധപ്പെട്ട രേഖകൾക്കായി, ദയവായി താഴെ പറയുന്ന ലിങ്ക് സന്ദർശിക്കുക (www.magmainsurance.com/web/magmainsurance/downloads)

(ii) എന്തെങ്കിലും വൈരുദ്ധ്യമുണ്ടായാൽ, പോളിസി ഡോക്യുമെന്റിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും നിലനിൽക്കും.